ഹൈഡ്രോപോണിക് സാങ്കേതിക വിദ്യ കേരളത്തിൽ

76 (4115) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷി രംഗത്ത് ഏതെങ്കിലും പുതിയ മാർഗ്ഗം സ്വീകരിക്കുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ ;

(ബി) ഈ രംഗത്ത് ജപ്പാനിലെ ഹൈഡ്രോപോണിക് സാങ്കേതികവിദ്യ കേരളത്തിൽ സ്വീകാര്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഇക്കാര്യത്തെപ്പറ്റി പരിശോധിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ വിളകളുടെ, പ്രത്യേകിച്ച് നെൽകൃഷി രംഗത്ത് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി മദ്രാസിലെ ലക്ഷ്മൺ അഗ്രോ സയന്റിഫിക് സർവ്വീസ് എന്ന സ്ഥാപനം തയ്യാറാക്കിയ ലാസ്സ് ടെക്നോളജി പരിശോധിച്ചു വരുന്നു. കൂടാതെ അത്യുല്പാദന ശേഷിയുള്ള ഹൈബ്രിഡ് നെല്ല് ഉല്പാദിപ്പിക്കുന്നതിനുള്ള പരീക്ഷണം കാർഷിക സർവകലാശാലയിൽ നടന്നു വരുന്നു.

(ബി&സി) ഹൈഡ്രോപോണിക് സാങ്കേതിക വിദ്യ കാർഷിക സർവകലാശാല പഠനവിധേയമാക്കിയിട്ടുണ്ട്. എന്നാൽ അധിക ചെലവും അതിസൂക്ഷ്മതയോടുള്ള കൃഷി രീതിയും കാരണം ഈ വിദ്യ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നത് പ്രായോഗികമല്ലാത്തതിനാലും സംസ്ഥാനത്ത് നെൽകൃഷിക്ക് ഫലഭൂയിഷ്ഠതയുള്ള സ്ഥലങ്ങൾ ലഭ്യമായതിനാലും ഈ വിദ്യ പ്രചരിപ്പിച്ചില്ല. എന്നിരുന്നാലും ഈ വിദ്യയുടെ സാദ്ധ്യതയെക്കുറിച്ചും പ്രചരണത്തെക്കുറിച്ചും കാർഷിക സർവകലാശാല പരിശോധിക്കുന്നുണ്ട്.

"മരിച്ചീനിയുടെ ഉല്പാദനവും ഉപഭോഗവും"

77 (4116) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മരിച്ചീനി ഉല്പാദനത്തേയും ഉപഭോഗത്തേയും കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) വൻതോതിൽ മരച്ചീനി ഉല്പാദിപ്പിച്ചിരുന്ന സംസ്ഥാനത്ത് ഇപ്പോൾ അത് അയൽ സംസ്ഥാനത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly